# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2355 | 12.02.2020-ൽ മറുപടിയ്ക്ക്

**ഭാഗ്യക്കുറി വകുപ്പിൽ രജിസ്റ്റർ ചെയ്ത ലോട്ടറി ഏജന്റുമാർ**

| | ചോദ്യം<br>ശ്രീ.സി. ദിവാകരൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഭാഗ്യക്കുറി വകുപ്പിൽ രജിസ്റ്റർ ചെയ്ത എത്ര ലോട്ടറി ഏജന്റുമാരുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ നാളിതു വരെ ആകെ 47,508 പേർ സ്ഥിരം ഏജന്റുമാരായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏജന്റുമാരുടെ ജില്ലതിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | ജില്ല | ഏജന്റുമാരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 6079 |
| 2 | കൊല്ലം | 4308 |
| 3 | പത്തനംതിട്ട | 1838 |
| 4 | ആലപ്പുഴ | 2632 |
| 5 | കോട്ടയം | 4828 |
| 6 | ഇടുക്കി | 1757 |
| 7 | എറണാകുളം | 4872 |
| 8 | തൃശ്ശൂർ | 5308 |
| 9 | പാലക്കാട് | 4362 |
| 10 | മലപ്പുറം | 2976 |
| 11 | കോഴിക്കോട് | 3369 |
| 12 | വയനാട് | 1458 |
| 13 | കണ്ണൂർ | 2818 |

| | | | |
|---|---|---|---|
| | | | 14 കാസർഗോഡ് 903<br>ആകെ **47508** |
| (ബി) | ലോട്ടറി ഏജന്റുമാർക്ക് ക്ഷേമനിധിയിൽ നിന്ന് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധിയിൽ അംഗമായ ഭാഗ്യക്കുറി ഏജന്റുമാർക്കും വില്പനക്കാർക്കുമാണ് ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാകുന്നത്. ഇൻഷുറൻസ് പരിരക്ഷയില്ലാത്ത ക്ഷേമനിധി അംഗങ്ങൾക്ക് ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് ഒരു വർഷം പരമാവധി 3000/- രൂപ വരെ ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി, ഗുരുതരമായ രോഗങ്ങൾക്ക് ചികിത്സ തേടുന്ന അംഗങ്ങൾക്ക് 20,000/- രൂപ വരെ ചികിത്സാധന സഹായം നൽകുന്ന പ്രത്യേക ചികിത്സാ പദ്ധതി, ക്ഷേമനിധിയിലെ അംഗങ്ങൾക്കും അംഗങ്ങളുടെ പെൺമക്കൾക്കും 5000/- രൂപ വിവാഹധന സഹായം നൽകുന്ന പദ്ധതി, ക്ഷേമനിധിയിലെ വനിതകളായ അംഗങ്ങൾക്ക് 5000/- രൂപ പ്രസവാനുകൂല്യം നൽകുന്ന പദ്ധതി, ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഉപരിപഠനത്തിന് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി, എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി തലത്തിൽ വിജയം നേടുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ അവാർഡ് നൽകുന്ന പദ്ധതി, ക്ഷേമനിധി അംഗം മരണപ്പെട്ടാൽ ആശ്രിതർക്ക് സ്വാഭാവിക മരണത്തിന് 50,000/- രൂപയും അപകട മരണത്തിന് 1,00,000/- രൂപയും ധനസഹായം നൽകുന്ന |

| | | | |
|---|---|---|---|
| | | | മരണാനന്തര ധനസഹായ പദ്ധതി എന്നീ ആനുകൂല്യങ്ങളും പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ എന്നീ പെൻഷൻ ആനുകൂല്യങ്ങളും ക്ഷേമനിധി പദ്ധതി വിജ്ഞാപന പ്രകാരം അനുവദിച്ചു വരുന്നു. ഇവ കൂടാതെ എല്ലാ വർഷവും ഓണം അലവൻസ് ഇനത്തിൽ അംഗങ്ങൾക്കും പെൻഷൻകാർക്കും നിശ്ചിത തുക അനുവദിച്ചു വരുന്നു. ക്ഷേമനിധി അംഗങ്ങളായ വില്പനക്കാർക്ക് സൗജന്യമായി യൂണിഫോം നൽകുന്ന പദ്ധതി, അംഗപരിമിതരായ ക്ഷേമനിധി അംഗങ്ങൾക്ക് സൗജന്യമായി മോട്ടോറൈസ്ഡ് ട്രൈസ്കൂട്ടർ നൽകുന്ന പദ്ധതി, വഴിയോര ഭാഗ്യക്കുറി വില്പനക്കാരായ ക്ഷേമനിധി അംഗങ്ങൾക്ക് സൗജന്യമായി ബീച്ച് അംബ്രല്ല നൽകുന്ന പദ്ധതി, പത്താംതരം തുല്യതാപഠനം സൗജന്യമായി പൂർത്തിയാക്കുന്നതിനുള്ള അവസരം നൽകുന്ന പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ